# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T*2660** **10/12/2014-ൽ മറുപടിക്ക്**

## തിരുവനന്തപുരം ആർ.സി.സി.യിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തിക

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ആർ.സി.സി.യിൽ ആകെ എത്ര സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയുണ്ട്; | (എ) | ആർ.സി.സിയിൽ ഇപ്പോൾ 245 സ്ററാഫ് നേഴ്സ് തസ്തിക നിലവിലുണ്ട്. കൂടാതെ 50 സ്ററാഫ് നേഴ്സ് തസ്തിക കൂടി 24-02-2014-ാം തീയതിയിലെ G.O.(MS) No.60/2014/H&FWD നംപർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. ആർ.സി.സിയിൽ പണിതുകൊണ്ടിരിക്കുന്ന 10 നില മന്ദിരം പൂർത്തിയാകുംപോൾ കിടത്തി ചികിൽസിക്കുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന മുറക്ക് ഈ 50 തസ്തിക നികത്തുവാനാണ് ഉദ്ദേശിക്കുന്നത് |
| (ബി) | എത്ര തസ്തികയിൽ സ്ഥിരം ജീവനക്കാരുണ്ട്; എത്ര താത്ക്കാലിക ജീവനക്കാർ ഈ തസ്തികയിൽ ജോലിനോക്കുന്നുണ്ട്; | (ബി) | 245 സ്ററാഫ് നേഴ്സ് തസ്തികയിൽ 240 സ്ററാഫ് നേഴ്സുമാരുണ്ട്. താത്ക്കാലിക അടിസ്ഥാനത്തിൽ സ്ററാഫ് നേഴ്സുമാർ ആരും തന്നെ ആർ.സി.സിയിൽ ജോലി നോക്കുന്നില്ല. ഒഴിവുള്ള തസ്തികകൾ നിലവിലുള്ള റാങ്ക് ലിസ്ററിൽ നിന്നും നികത്തി വരുന്നു. |
| (സി) | ആർ.സി.സി.യിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ, എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രവർഷമാണ്; എന്ന് അവസാനിക്കും; | (സി) | ആർ.സി.സിയിൽ സ്ററാഫ് നഴ്സ് ഗ്രേഡ് II നിയമനത്തിനായി റാങ്ക് ലിസ്ററ് നിലവിലുണ്ട്. ഈ റാങ്ക് ലിസ്ററിൽ നിന്നും 56 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്ററിന്റെ കാലാവധി 19-06-2013 മുതൽ 3 വർഷമാണ്. |
| (ഡി) | സ്റ്റാഫ് നഴ്സ് തസ്തികയിൽ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഏതെങ്കിലും ഉത്തരവുകളോ നടപടികളോ ഉണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഈ തസ്തികയിൽ നിയമനനിരോധനം ഏർപ്പെടുത്തുവാൻ തീരുമാനമുണ്ടോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ